കൊയിലാണ്ടി പോലീസ് സ്റ്റേഷൻ വിഭജനം

58(348) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി പോലീസ് സ്റ്റേഷൻ പരിധിയിൽ 2008-09, 2009-10 വർഷങ്ങളിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര കേസുകളുടെ അന്വേഷണം പൂർത്തിയായിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്റ്റേഷന്റെ പരിധി ഏതൊക്കെയാണെന്നും ഇവിടെ എത്ര ജീവനക്കാരുണ്ടെന്നും തസ്തിക തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ജോലിഭാരം കാരണം ഈ സ്റ്റേഷൻ വിഭജിക്കണം എന്ന് നിർദ്ദേശം ഉണ്ടായിരുന്നോ; ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2008-2009-ൽ – 979 കേസുകൾ

2009-2010-ൽ – 861 കേസുകൾ

(ബി) 2008-09 വർഷത്തിൽ 975 കേസുകളുടേയും 2009-10 വർഷത്തിൽ 844 കേസുകളുടേയും അന്വേഷണം പൂർത്തിയാക്കിയിട്ടുണ്ട്.

(സി) കൊയിലാണ്ടി മുനിസിപ്പാലിറ്റി, മൂടാടി പഞ്ചായത്ത്, ചെങ്ങോട്ടുകാവ് പഞ്ചായത്ത്, ചേമഞ്ചേരി പഞ്ചായത്ത്, കീഴരിയൂർ പഞ്ചായത്ത്, അരിക്കുളം പഞ്ചായത്ത്, തിക്കോടി പഞ്ചായത്തിലെ 3 വാർഡുകൾ എന്നിവയാണ് പ്രസ്തുത സ്റ്റേഷന്റെ പരിധിയിൽ വരുന്നത്. സ്റ്റേഷനിലെ അംഗ സംഖ്യ ചുവടെ ചേർക്കുന്നു:

എസ്.ഐ.	–	4
എ.എസ്.ഐ.	–	3
എച്ച്.സി.	–	10
പി.സി.	–	29
ഡബ്ല്യു.പി.സി.	–	6

(ഡി) ഉണ്ട്. കൊയിലാണ്ടി പോലീസ് സ്റ്റേഷൻ വിഭജിച്ച് ചെങ്ങോട്ടുകാവ് കേന്ദ്രമാക്കി പുതിയ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ 2011-12-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി അടുത്ത സാമ്പത്തിക വർഷത്തിൽ പരിഗണിക്കുന്നതിനായി നടപടി സ്വീകരിക്കാൻ പോലീസ് ഡയറക്ടർ ജനറലിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly